**കേരള സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

**വിജ്ഞാപനം**

**കീം 2026**

**എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം-2026 സാമുദായിക/പ്രത്യേക സംവരണം/മറ്റ് വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നിവയ്ക്ക് അർഹരായവരുടെ താത്ക്കാലിക കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു.**

2026 ലെ എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സുകളിലേയ്ക്കുള്ള (കീം 2026) പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ വിവിധ കാറ്റഗറി /കമ്മ്യൂണിറ്റി സംവരണം/ഫീസാനുകൂല്യം എന്നിവയ്ക്ക് അർഹരായവരുടെ താത്ക്കാലിക ലിസ്റ്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. നിശ്ചിത തീയതിയ്ക്കകം കാറ്റഗറി/കമ്മ്യൂണിറ്റി/ നേറ്റിവിറ്റി/വരുമാനം/പ്രത്യേക സംവരണം എന്നിവ തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചവരെ ഉൾപ്പെടുത്തിയാണ് കാറ്റഗറി ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാർത്ഥികൾക്ക് **'KEAM 2026- Candidate Portal'** ലെ **'Category List Provisional'** എന്ന മെനു ക്ലിക്ക് ചെയ്ത് കാറ്റഗറി ലിസ്റ്റ് കാണാവുന്നതാണ്. കാറ്റഗറി പട്ടിക സംബന്ധിച്ച് സാധുവായ പരാതികൾ കീം ആപ്ലിക്കേഷൻ നമ്പർ, പേര് എന്നിവ ഉൾപ്പെടെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഇ-മെയിൽ (ceekinfo.cee@kerala.gov.in) മുഖേന **02.07.2026, രാത്രി 11.59 മണിക്കകം** അറിയിക്കേണ്ടതാണ്. പരാതിയോടൊപ്പം സർട്ടിഫിക്കറ്റുകളോ അനുബന്ധ രേഖകളോ ഇ-മെയിൽ മുഖേന അയയ്ക്കാൻ പാടുള്ളതല്ല. യാതൊരു കാരണവശാലും പുതുതായി ആനുകൂല്യങ്ങൾ സംബന്ധിച്ച അപേക്ഷകൾ ഇനി സ്വീകരിക്കുന്നതല്ല. പരാതികൾ ഉള്ള പക്ഷം അവ പരിഹരിച്ചശേഷമുള്ള അന്തിമ കാറ്റഗറി ലിസ്റ്റ് പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. ഭിന്നശേഷി (PwD) വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

***കുറിപ്പ്:-*** *പ്രോസ്പെക്ടസ് വ്യവസ്ഥ അനുസരിച്ച് കേരളീയരായവർക്ക് (Keralite) മാത്രമാണ്*

*സാമുദായിക/പ്രത്യേക സംവരണത്തിനോ ഫീസ് ആനുകൂല്യങ്ങൾക്കോ അർഹതയുള്ളത്. ആയതിനാൽ നേറ്റിവിറ്റി സർട്ടിഫിക്കറ്റിലെ ന്യൂനത കാരണം താൽക്കാലിക കാറ്റഗറി ലിസ്റ്റിൽ withheld Status ൽ നിന്നും ഒഴിവാകുന്നതിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം അപേക്ഷകരിൽ നേറ്റിവിറ്റിയിൽ അപാകത ഇപ്പോഴും നിലനിൽക്കുന്നുണ്ടെങ്കിൽ കാൻഡിഡേറ്റ് പോർട്ടൽ വഴി ആവശ്യമായ രേഖകൾ സമർപ്പിച്ച് നേറ്റിവിറ്റി തെളിയിക്കാമെങ്കിലും റദ്ദ് ചെയ്യപ്പെട്ട ആനുകൂല്യങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ അവ പുന:സ്ഥാപിക്കുന്നതല്ല.*

**ഹെൽപ് ലൈൻ നമ്പർ : 0471-2332120, 2338487**

Digitally signed by
AFSANA PERWEEN I A S
Date: 29-06-2026
20:44:04

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
29-06-2026